**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6392** **10-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായി ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാലാവസ്ഥ മുന്നറിയിപ്പിനെ തുടർന്ന് തൊഴിലിനുപോകാൻ കഴിയാതിരുന്ന മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച ധനസഹായം ഈ വർഷം നാളിതുവരെ എത്ര പേർക്ക് വിതരണം ചെയ്തു എന്ന വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | കാലാവസ്ഥ മുന്നറിയിപ്പിനെ തുടർന്ന് തൊഴിലിനുപോകാൻ കഴിയാതിരുന്ന മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച ധനസഹായം ഈ വർഷം ആലപ്പുഴ ജില്ലയിൽ നിന്നും 94 പേർക്ക് 3000/- രൂപ നിരക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>മറ്റ് ജില്ലകളിൽ ഈ വർഷം ഇപ്രകാരം തുക അനുവദിച്ച് നൽകിയിട്ടില്ല. |
| (ബി) | ഉൾനാടൻ മത്സ്യത്തൊഴിലാളികളെ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ? | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നടപ്പ് വർഷം ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ